ഉത്തരം

(എ) തെങ്ങിന്റെ ഉൽപ്പാദനം വർദ്ധനവിനായി കൃഷിവകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നുണ്ട്.

1. നല്ലയിനം തെങ്ങിൻതൈകളുടെ ഉൽപ്പാദനവും വിതരണവും.
2. സങ്കരയിനം തെങ്ങിൻ തൈകളുടെ ഉൽപ്പാദനം.
3. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി സഹായധനം നൽകുന്ന പദ്ധതി.
4. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം നൽകാനുള്ള പദ്ധതി.
5. തെങ്ങു കൃഷി വ്യാപന പദ്ധതി.
6. സമഗ്ര തെങ്ങു മരുന്നുതളി പദ്ധതി.
7. തെങ്ങോലപ്പുഴു നിയന്ത്രിക്കുന്നതിനുള്ള പദ്ധതി.
8. തെങ്ങ് കൃഷി പാക്കേജ് പദ്ധതി.
9. തെങ്ങു കൃഷി പുനരുദ്ധാരണ പദ്ധതി.

തെങ്ങിന് മരുന്നുതളിക്കുന്ന തൊഴിലാളികൾ

1609. [2396] ശ്രീ. എം.കെ. കേശവൻ :
,, കെ.ഇ. ഇസ്മായിൽ :
,, കെ.ടി. കുമാരൻ :
,, കെ.പി. പ്രഭാകരൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൃഷിവകുപ്പിന്റെ കീഴിൽ തെങ്ങിന് മരുന്നു തളി നടത്തിക്കൊണ്ടിരുന്ന എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു ;

(ബി) ഇവർക്ക് ഡിപ്പാർട്ടുമെന്റിൽ കൂടിയാണോ വേതനം നൽകിവന്നിരുന്നത് ;

(സി) ഇവർക്ക് ഇപ്പോൾ ജോലി നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 830

(ബി) അതേ.

(സി) ഇല്ല.

(ഡി) 16-8-1984-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 241/84/എ.ഡി. പ്രകാരം കൃഷിക്കാർ തന്നെ ജോലിക്കാരെവച്ച് നേരിട്ട് മരുന്നുതളി നടത്തണമെന്ന് തീരുമാനമായതുകൊണ്ട്.

കാർഷിക കടം

1610. [2398] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കാരുടെ കാർഷിക കടങ്ങളെല്ലാം 30-9-1986 വച്ച് എഴുതിത്തള്ളാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ;

(ബി) 30-9-86-ൽ സംസ്ഥാനത്തെ കൃഷിക്കാർക്കെല്ലാംകൂടി എത്ര കടം ഉണ്ടെന്നാണ് കണക്ക് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ യും ബി യും) വൻതോതിൽ കൃഷിനാശം സംഭവിക്കുന്നയവസരത്തിൽ ഹ്രസ്വകാല കാർഷിക വായ്പകൾ, മദ്ധ്യകാല വായ്പകളായും ദീർഘകാല വായ്പകളുടെ തവണകൾ മാറ്റിവയ്ക്കുന്നതിനും ഇപ്പോഴത്തെ വ്യവസ്ഥയുണ്ട്. കൃഷിക്കാരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ തൽക്കാലം നിർവ്വാഹമില്ല. കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കേര കൃഷിക്കാർക്കു നൽകിയ വായ്പ

1611. [2399] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർഅസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട കളിമാനൂർ പുളിമാത്ത്, പള്ളിക്കൽ, പഴയകുന്നുമ്മേൽ, മുദാക്കൽ, നാവായിക്കുളം, കരവാരം, നഗരൂർ, മടവൂർ, എന്നീ പഞ്ചായത്തുകളിലെ കേര കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി വിവിധ ബാങ്കുകൾ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ ഓരോ പഞ്ചായത്തിലും എത്ര കർഷകർക്ക് എന്തു തുക വീതം വായ്പയായി നൽകിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയുമോ ;

(ബി) അതിൽ ഹ്രസ്വകാല വായ്പ, മദ്ധ്യകാലവായ്പ, ദീർഘകാല വായ്പ എന്നീ ഓരോ ഇനത്തിലും എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത് എന്നു കൂടി പറയാമോ ;

(സി) അതിൽ സബ്സിഡി എത്ര ?

ഉത്തരം

(എ, ബി, സി) ഓരോ പഞ്ചായത്തിലും ബാങ്കുകൾ കേരകൃഷിക്കു വേണ്ടി എത്ര തുക നൽകി എന്ന കണക്ക് ലഭ്യമല്ല.

കിളിമാനൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ റബ്ബർ കൃഷിക്കാർക്കു നല്കിയ വായ്പ

1612. [2400] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കൽ, നഗരൂർ, മടവൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, നാവായിക്കുളം, കരവാരം, കിളിമാനൂർ, മുദാക്കൽ എന്നീ പഞ്ചായത്തുകളിലെ റബ്ബർ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി വിവിധ ബാങ്കുകൾ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ എത്ര കൃഷിക്കാർക്ക് എന്തു തുക വീതം വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് അറിയുമോ ;

(ബി) അതിൽ ഹ്രസ്വകാല വായ്പ, മദ്ധ്യകാല വായ്പ, ദീർഘകാല വായ്പ എന്നീ ഓരോ ഇനത്തിലും എത്ര രൂപവീതം വായ്പയായി അനുവദിച്ചിട്ടുണ്ടെന്നുകൂടി പറയാമോ ;

(സി) അതിൽ സബ്സിഡി എത്ര ?

ഉത്തരം

(എ, ബി, സി) ഓരോ അസംബ്ലി മണ്ഡലങ്ങളിലും പെട്ട പഞ്ചായത്തുകളിലെ റബ്ബർ കൃഷിക്ക് വിവിധ ബാങ്കുകൾമുഖേന നല്കിയിട്ടുള്ള വായ്പകളുടെ കണക്കുകൾ ഗവൺമെന്റിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly